# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.09.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ന്യൂഡൽഹിയിൽ മറ്റന്നാൾ ആരംഭിക്കുന്ന 18-ാമത് ബ്രിക്സ് ഉച്ചകോടിയെ യു.എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് ഞായറാഴ്ച അഭിസംബോധന ചെയ്യും.

   UN Secretary-General Antonio Guterres to address the 18th BRICS Summit in New Delhi on Sunday.

2. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ശ്രീലങ്കൻ പ്രധാനമന്ത്രി ഹരിനി അമരസൂര്യയുമായി കൊളംബോയിൽ കൂടിക്കാഴ്ച നടത്തി.

   Defence Minister Rajnath Singh meets Sri Lankan Prime Minister Harini Amarasuriya in Colombo.

3. വ്യാജ വിത്തുകളിൽ നിന്നും കർഷകർക്ക് സംരക്ഷണം നല്കാനായി കേന്ദ്രം പുതിയ വിത്ത് നയം കൊണ്ടുവരും. കർഷക സംഘടനകളുമായി കേന്ദ്രകൃഷിമന്ത്രി ഇന്ന് ചർച്ച നടത്തും.

   Centre brings new seed policy to protect farmers from fake seeds; Union Agriculture Minister holds talks with farmers' organizations today.

4. **ആരോഗ്യമേഖലയിൽ ഇന്ത്യ കൈവരിച്ച നേട്ടങ്ങളെ പ്രശംസിച്ച് ലോകാരോഗ്യ സംഘടന .**

**The World Health Organization praises India's achievements in the health sector.**

5. **കേരളത്തിലെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിൽ ഉപതെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികാ സമർപ്പണം ഇന്ന് അവസാനിക്കും .**

**Nomination filing for bye-elections in 38 local body wards in Kerala ends today.**

6. **വനിതാ ഏഷ്യാ കപ്പ് ക്രിക്കറ്റ് ആദ്യ സെമിയിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും.**

**India faces Bangladesh in the first semi-final of the Women's Asia Cup today.**

*****************************************************

## GUETRRESS-BRICS

ന്യൂഡൽഹിയിൽ മറ്റന്നാൾ ആരംഭിക്കുന്ന 18-ാമത് ബ്രിക്സ് ഉച്ചകോടിയെ യു.എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് ഞായറാഴ്ച അഭിസംബോധന ചെയ്യും. ലോകത്തിലെ മാറുന്ന സാമ്പത്തിക-രാഷ്ട്രീയ യാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്നതിൽ കൂട്ടായ്മയുടെ പങ്കിനെ അദ്ദേഹം പിന്തുണയ്ക്കുമെന്ന് യു എൻ വക്താവ് അറിയിച്ചു. പ്രതിരോധശേഷി, നൂതനാശയങ്ങൾ, സഹകരണം, സുസ്ഥിരത എന്നിവയ്ക്കായുള്ള നിർമ്മിതി എന്നതാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ നടക്കുന്ന ഉച്ചകോടിയുടെ പ്രമേയം. സന്ദർശനത്തിനിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി, റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുടിൻ, ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ് എന്നിവരുമായി ഗുട്ടെറസ് ഉഭയകക്ഷി ചർച്ച നടത്തും.

*****************************************************

## RAJNATH – S LANKA PM (INTRO)

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ശ്രീലങ്കൻ പ്രധാനമന്ത്രി ഹരിനി അമരസൂര്യയുമായി കൊളംബോയിൽ കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള വികസന സഹകരണത്തിനായിരുന്നു യോഗത്തിൽ മുൻഗണന നൽകിയത്. **വിശദാംശങ്ങളിലേക്ക്....**

**(ഹോൾഡ് വോയ്സ്......)**

## RAJNATH – S LANKA PM (VO)

വിവരസാങ്കേതികവിദ്യ, അടിസ്ഥാന സൗകര്യ വികസനം, നവീകരണം, ഗവേഷണം എന്നീ മേഖലകളിലെ പുരോഗതി ഇരുനേതാക്കളും വിലയിരുത്തി. ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള പുരാതന നാഗരിക ബന്ധങ്ങളെക്കുറിച്ചും ഇരുവരും ചർച്ചനടത്തി. ഇരുരാജ്യങ്ങളു തമ്മിൽ സുസ്ഥിരമായ ബന്ധമാണെന്ന് ഉള്ളതെന്നും മേഖലയിലെ സമാധാനത്തിനും സമൃദ്ധിക്കും ജനങ്ങളുടെ ക്ഷേമത്തിനുമായി ഇന്ത്യയും ശ്രീലങ്കയും ഒന്നിച്ച് പ്രവർത്തിക്കണമെന്നും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പ്രസ്താവിച്ചു. ശേഷി വികസനം ഉഭയകക്ഷി സഹകരണത്തിന്റെ ഒരു പ്രധാന ഘടകമാണെന്നും അദ്ദേഹം പറഞ്ഞു. **ന്യൂസ് ഡെസ്ക് ആകാശവാണി**

****************************************************************

## SEED ACT

ഗുണനിലവാരമില്ലാത്ത വ്യാജ വിത്തുകൾ മൂലമുണ്ടാകുന്ന നഷ്ടങ്ങളിൽ നിന്ന് കർഷകരെ സംരക്ഷിക്കുന്നതിനായി കർശനമായ പുതിയ വിത്ത് നിയമം കൊണ്ടുവരാൻ സർക്കാർ ഒരുങ്ങുന്നു. ഇതിന്റെ ഭാഗമായി കേന്ദ്ര കൃഷി-കർഷക ക്ഷേമ മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ന്യൂഡൽഹിയിൽ രാജ്യത്തെ പ്രധാന കർഷക സംഘടനകളുടെ നേതാക്കളുമായി ചർച്ച നടത്തും. കർഷകരുടെ അനുഭവങ്ങളും നിർദ്ദേശങ്ങളും ആശങ്കകളും വിത്ത് നിയമത്തിന്റെ കരടിൽ ഉൾപ്പെടുത്തുകയാണ് ചർച്ചയുടെ ലക്ഷ്യമെന്ന് കൃഷി മന്ത്രാലയം അറിയിച്ചു.

****************************************************

## FINTECH FEST

മുംബൈയിൽ നടക്കുന്ന ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിനെ കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യ അഭിസംബോധന ചെയ്യും. സമ്മേളനത്തിൻറെ മൂന്നാം ദിവസമായ ഇന്ന് സംഘടിപ്പിച്ചിരിക്കുന്ന 'Connected India, Empowered Finance: Building Trusted Digital Infrastructure for the AI Economy' എന്ന വിഷയത്തിലെ പ്രത്യേക സെഷനിലാണ് അദ്ദേഹം സംസാരിക്കുക.

****************************************************

## RELIEF- NEPAL

35 ടൺ രക്ഷാ-ദുരിതാശ്വാസ സാമഗ്രികളുമായി ഇന്ത്യൻ വ്യോമസേനയുടെ എട്ടാമത്തെ വിമാനം നേപ്പാളിലെത്തി. അതിനിടെ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 1,365 ആയി ഉയർന്നു. കാണാതായ അയ്യായിരത്തിലധികം പേർക്കായുള്ള തിരച്ചിൽ ഇപ്പോഴും തുടരുകയാണ്.

****************************************************

## BYELECTION

കേരളത്തിലെ 38 തദ്ദേശ സ്വയം ഭരണ വാർഡുകളിൽ ഈ മാസം 28-ന് ഉപതെരഞ്ഞെടുപ്പ് നടക്കും. ഇന്ന് ഉച്ചയ്ക്ക് ശേഷം മൂന്നു മണി വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. സൂക്ഷ്മപരിശോധന നാളെ നടക്കും. 14-ാം തീയതിയാണ് പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം. വിവിധ ജില്ലകളിലായി മൂന്ന് മുനിസിപ്പൽ വാർഡുകളിലും ഏഴു ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും 23 ഗ്രാമ പഞ്ചായത്ത് വാർഡുകളിലുമാണ് ഉപതെരഞ്ഞെടുപ്പ് നടക്കുന്നത്.

****************************************************

## TN ASSEMBLY BYPOLLS

തമിഴ്നാട്ടിൽ മധുരാന്തകം, ധാരാപുരം നിയമസഭാ സംവരണ മണ്ഡലങ്ങളിലെ ഉപതെരഞ്ഞെടുപ്പ് അടുത്ത മാസം ആറിന് നടക്കും. ഇതുസംബന്ധിച്ച വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും. ഈ മാസം 16 വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. പത്രിക പിൻവലിക്കാനുള്ള അവസാന തീയതി 19 ആണ്.

*****************************************************

## KERALA RAIN

മൂന്നു ദിവസമായി തുടരുന്ന കനത്ത ചൂടിനു ശേഷം കേരളത്തിൽ ഇന്നു മഴയ്ക്ക് സാധ്യത. ആലപ്പുഴ, എറണാകുളം ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. നാളെയും മറ്റന്നാളും നാലു ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. തിരുവനന്തപുരം ജില്ലയിലെ തീര പ്രദേശത്ത് നാളെ രാവിലെ വരെ ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി.

*****************************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*****************************************************

## WOMEN ASIA CUP - CRICKET

വനിതാ ഏഷ്യാ കപ്പ് ക്രിക്കറ്റ് ആദ്യ സെമിയിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 8 നാണ് കളി.

രണ്ടാം സെമിയിൽ നാളെ പാകിസ്ഥാനും ശ്രീലങ്കയും ഏറ്റുമുട്ടും. ഞായറാഴ്ചയാണ് ഫൈനൽ.

****************************************************

## ASIA CUP HOCKY

ചൈനയിൽ നടക്കുന്ന ജൂനിയർ ഏഷ്യാ കപ്പ് ഹോക്കിയിൽ ചൈനീസ് തായ്പേയിയെ 15-0 ന് തകർത്ത് ഇന്ത്യൻ പുരുഷ ടീം സെമിഫൈനലിൽ. 10 പോയിന്റുമായി ഇന്ത്യ പൂൾ എയിൽ ഒന്നാം സ്ഥാനത്തെത്തി.

****************************************************

## WHO-NADDA (INTRO)

മാതൃ-ശിശു ആരോഗ്യത്തിലും പകർച്ചവ്യാധിയേതര രോഗ പ്രതിരോധത്തിലും ഇന്ത്യ കൈവരിച്ച നേട്ടങ്ങളെ പ്രശംസിച്ച് ലോകാരോഗ്യ സംഘടനാ ഡയറക്ടർ ജനറൽ ടെഡ്രോസ് അഥാനം ഗെബ്രിയേസസ്. തിമോർ ലെസ്റ്റെയിലെ ദിലിയിൽ നടന്ന മേഖലാ സമിതി യോഗത്തിനിടെ കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി. നദ്ദയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി. **വിശദാംശങ്ങളിലേക്ക് ...........**

(വോയ്സ്)

## WHO-NADDA (VOICE)

ഒരു ലക്ഷത്തി 60,000 ആയുഷ്മാൻ ആരോഗ്യ മന്ദിറുകളിലൂടെ പ്രമേഹം, അർബുദം, രക്തസമ്മർദ്ദം എന്നിവയുടെ പ്രാഥമിക പരിശോധനകൾ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിനെയും ആശാ പ്രവർത്തകരുടെ സേവനത്തെയും ലോകാരോഗ്യ സംഘടനാ ഡയറക്ടർ പ്രശംസിച്ചു. പ്രതിരോധ കുത്തിവയ്പ്പ് വ്യാപിപ്പിച്ചതും ആശുപത്രി പ്രസവങ്ങൾ 78 ശതമാനത്തിൽ നിന്ന് 93 ശതമാനമായി ഉയർന്നതും മാതൃ-ശിശു മരണനിരക്ക് കുറയ്ക്കാൻ സഹായിച്ചതായി അദ്ദേഹം വ്യക്തമാക്കി. ക്ഷയരോഗ നിർമ്മാർജ്ജനം, ഔഷധ നിയന്ത്രണം, പരമ്പരാഗത വൈദ്യശാസ്ത്രം,

ലോകാരോഗ്യ സംഘടനയുടെ മഹാമാരി പ്രതിരോധ കരാർ എന്നിവയും ഇരുനേതാക്കളും ചർച്ച ചെയ്തു. ന്യൂസ് ഡസ്ക്, ആകാശവാണി.......

*********************************************************

## RUBIO–RUSSIA UKRAINE

റഷ്യയും യുക്രെയ്നും തമ്മിലുള്ള സമാധാന ചർച്ചകൾ പുനരാരംഭിക്കാൻ വരും ആഴ്ചകളിൽ വഴിതെളിയുമെന്ന് യു.എസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ. യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപും റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുട്ടിനും തമ്മിലുള്ള സംഭാഷണത്തെ തുടർന്ന് കീവിലും മോസ്കോയിലും ചർച്ചകൾ നടന്നു. ഏതൊരു കരാറിനും റഷ്യയുടെയും യുക്രെയ്ന്റെയും പൂർണ്ണ സമ്മതം അനിവാര്യമാണെന്നും റൂബിയോ കൂട്ടിച്ചേർത്തു.

*********************************************************

## US–IRAN CONFLICT

അമേരിക്കയും ഇറാനും തമ്മിലുള്ള സംഘർഷം രൂക്ഷമായി. ഹോർമുസ് കടലിടുക്കിന് സമീപമുള്ള നിയന്ത്രിത മേഖലയ്ക്ക് സമീപം രണ്ട് യുഎസ് നാവികസേനാ കപ്പലുകളെയും എട്ട് എണ്ണ ടാങ്കറുകളെയും ആക്രമിച്ചതായി ഇറാൻ വ്യക്തമാക്കി. അഞ്ച് ഇറാനിയൻ എണ്ണ ടാങ്കറുകൾ തകർത്തതായി അമേരിക്കയും അറിയിച്ചു. അമേരിക്ക-ഇറാൻ സംഘർഷം മൂർച്ഛിച്ചതോടെ ആഗോള എണ്ണവിലയിലും വൻ വർധന രേഖപ്പെടുത്തി.

*********************************************************

## THAILAND– VISA

സാധാരണ പാസ്പോർട്ടുള്ള ഇന്ത്യൻ വിനോദസഞ്ചാരികൾക്ക് വീസ ഇളവ് അനുവദിച്ച് തായ്‌ലൻഡ് ആഭ്യന്തര മന്ത്രാലയം. ഈ

മാസം 15 മുതൽ പ്രാബല്യത്തിൽ വരുന്ന ഇളവിന്റെ ഭാഗമായി ഇന്ത്യൻ പൗരന്മാർക്ക് 30 ദിവസം വരെ തായ്‌ലൻഡിൽ വീസയില്ലാതെ തങ്ങാനാകും.

****************************************************

## ISRAEL SLOVENIA EMBASSY

വെസ്റ്റ് ബാങ്ക് നയങ്ങൾക്കെതിരെ ആഗോള വിമർശനം ശക്തമാകുന്നതിനിടെ ഇസ്രായേൽ സ്ലോവേനിയയിൽ ആദ്യ എംബസി തുറന്നു. ഇരുരാജ്യങ്ങളിലെയും വിദേശകാര്യ മന്ത്രിമാർ പങ്കെടുത്ത ചടങ്ങിനിടെ, എംബസി അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് പലസ്തീൻ അനുകൂലികൾ പുറത്ത് പ്രതിഷേധിച്ചു. നേരത്തെ പലസ്തീനെ രാജ്യമായി അംഗീകരിക്കുകയും ഇസ്രായേലിന് മേൽ ഉപരോധം ഏർപ്പെടുത്തുകയും ചെയ്ത രാജ്യമാണ് സ്ലോവേനിയ.

****************************************************

## IRAN- SAUDI MILITARY BASE

പശ്ചിമേഷ്യയിൽ യു.എസ് - ഇറാൻ സംഘർഷം രൂക്ഷമായി തുടരുന്നതിനിടെ, ഇറാന്റെ തീരദേശങ്ങളിലും സൗദി അറേബ്യയിലെ താഇഫിലും ശക്തമായ സ്ഫോടനങ്ങൾ റിപ്പോർട്ട് ചെയ്തു. യു.എസ് ഇടക്കാല തെരഞ്ഞെടുപ്പിന് ശേഷം ഇറാനുമായുള്ള യുദ്ധം ഉടൻ അവസാനിക്കുമെന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വ്യക്തമാക്കി. അതേസമയം, ഹൂതികൾ ഇറാന്റെ നിഴൽ സംഘമാണെന്ന യു.എസ് ആരോപണം ഇറാൻ തള്ളി. മേഖലയിലെ അസ്ഥിരതയ്ക്ക് കാരണം അമേരിക്കയുടെ സൈനിക ഇടപെടലാണെന്നും ടെഹ്റാൻ കുറ്റപ്പെടുത്തി.

****************************************************

## PHILIPPINES-FERRY FIRE

ഫിലിപ്പീൻസിലെ പാലവാൻ പ്രവിശ്യയ്ക്ക് സമീപം യാത്രാബോട്ടിലുണ്ടായ തീപിടിത്തത്തിൽ അഞ്ച് പേർ മരിച്ചു. 86 പേരെ കാണാതായി. പ്രസിദ്ധ വിനോദസഞ്ചാര കേന്ദ്രമായ

കൊറോണിലേക്ക് 134 യാത്രക്കാരുമായി പോവുകയായിരുന്ന ബോട്ടിനാണ് തീപിടിച്ചത്. 43 പേരെ രക്ഷപ്പെടുത്തിയിട്ടുണ്ട്. കാണാതായവർക്കായി കോസ്റ്റ് ഗാർഡിന്റെ നേതൃത്വത്തിൽ തിരച്ചിൽ തുടരുകയാണ്.

*************************************************

## IAEA - IRAN

ഇറാനെ ഐക്യരാഷ്ട്രസഭാ സുരക്ഷാ കൗൺസിലിന്റെ പരിഗണനയ്ക്ക് വിട്ട് അന്താരാഷ്ട്ര ആണവോർജ ഏജൻസി. വെളിപ്പെടുത്താത്ത കേന്ദ്രങ്ങളിൽ കണ്ടെത്തിയ യുറേനിയം അവശിഷ്ടങ്ങളെക്കുറിച്ചുള്ള ദീർഘകാല അന്വേഷണവുമായി സഹകരിക്കുന്നതിൽ ടെഹ്റാൻ പരാജയപ്പെട്ടതിനെ തുടർന്നാണിത്. 20 വർഷത്തിനിടെ ആദ്യമായാണ് ഇറാനെതിരെ ഈ നടപടി.

*************************************************

## IMD

ഒഡീഷയിൽ അതിശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. അസം, മേഘാലയ, നാഗാലാൻഡ്, മണിപ്പൂർ, മിസോറം, ത്രിപുര, പശ്ചിമബംഗാളിലെ ഗംഗാസമതല മേഖല, ബിഹാർ, ഝാർഖണ്ഡ്, ഛത്തീസ്ഗഢ്, കേരള, മാഹി, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ അടുത്ത രണ്ട് ദിവസം ശക്തമായ മഴ തുടരുമെന്നും മുന്നറിയിപ്പ്.

*************************************************

## MoS VERMA-BIS

കേന്ദ്ര സഹമന്ത്രി ബി.എൽ. വർമ്മ, ചെന്നൈയിലെ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെ സതേൺ റീജിയണൽ ലബോറട്ടറി സന്ദർശിച്ചു. ബി.ഐ.എസ് ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തിയ അദ്ദേഹം അവരുടെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചു. ഗുണമേന്മയുള്ളതും സുരക്ഷിതവുമായ ഉൽപ്പന്നങ്ങൾ

ഉപഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിൽ ബി.ഐ.എസ്. സുപ്രധാന പങ്ക് വഹിക്കുന്നതായി അദ്ദേഹം പറഞ്ഞു. സ്വർണ്ണ-വെള്ളി ആഭരണങ്ങളിലും കരകൗശല വസ്തുക്കളിലും ബി.ഐ.എസ്. ഏർപ്പെടുത്തിയിട്ടുള്ള ഹാൾമാർക്കിംഗ് സംവിധാനം, ലോഹങ്ങളുടെ ആധികാരികത ഉറപ്പാക്കുന്നതായും മന്ത്രി പറഞ്ഞു.

****************************************************

## GANDHINAGAR SLAB COLLAPSE

ഗുജറാത്തിൽ തലസ്ഥാനമായ ഗാന്ധിനഗറിൽ നിർമാണത്തിലിരുന്ന കെട്ടിടത്തിന്റെ ഒരു ഭാഗം തകർന്നുവീണ് കുടുങ്ങിയ 15 തൊഴിലാളികളെയും സുരക്ഷിതമായി രക്ഷപ്പെടുത്തി. വാണിജ്യ കെട്ടിടത്തിന്റെ നിർമാണ സ്ഥലത്ത് ഇന്നലെ വൈകിട്ടോടെയാണ് അപകടമുണ്ടായത്. പ്രാദേശിക ഭരണകൂടം, പൊലീസ്, അഗ്നിരക്ഷാസേന എന്നിവയുടെ സംഘങ്ങൾ രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായി.

****************************************************************************************************